ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

---

**ജീവനക്കാര്യം ( ) വിഭാഗം**

**നം. EC4/41911/17/DTE** **തിരുവനന്തപുരം, തീയതി: 31-08-2024**

---

വായന :
1. സർക്കാർ ഉത്തരവ് നം. ജി. ഓ. (പി) 503/2012/എച്ച്.ഇഡി.എൻ, തീയതി 12-10-2012
2. ഈ ആഫീസിലെ സർക്കുലർ നമ്പർ ഇ.ജി.3/43027/23/ഡി. ടി. ഇ തീയതി 15-03-2023
3. ഈ ആഫീസിലെ സർക്കുലർ നമ്പർ ഇ.ജി.3/43027/23/ഡി. ടി. ഇ തീയതി 28.08.2024

**ഉത്തരവ്**

ഈ വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ്II തസ്തികളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ രണ്ട് ഒഴിവുകളാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ട പ്രകാരം തസ്തിക മാറ്റം വഴി നികത്തപ്പെടേണ്ടത്.ശ്രീ രാജശേഖരൻ നായർ പി,ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള തസ്തിക മാറ്റ നിയമനം താൽക്കാലികമായി പരിത്യജിച്ചതിനാലും ചേർത്തല പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ വിഭാഗം ഡെമോൺസ്ട്രേറ്റർ ആയ ശ്രീമതി സിമി പി എസ് ന കമ്പ്യൂട്ടർ പ്രോഗ്രാമ്മർ ആയി തസ്തികമാറ്റം നല്കിയതിനാലും ഉണ്ടായ ഒഴിവുകളാണ്. ടി ഒഴിവുകളിലേക്ക് തസ്തിക മാറ്റ നിയമനത്തിനായി സൂചന 2,3 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥരെ 41300-87000/- രൂപ ശമ്പള സ്കയിലിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II വിഭാഗം തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|---|
| 1 | 10 (വായന 2) | ശ്രീമതി ഷീബ കുമാരി കെ കെ<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I (കമ്പ്യൂട്ടർ എൻജിനിയറിങ് ), സർക്കാർ പോളിടെക്നിക്ക് കോളേജ് കോഴിക്കോട് | **സർക്കാർ പോളിടെക്നിക് കോളേജ്,ചേലക്കര**<br>(തുറന്ന ഒഴിവ്) |
| 2 | 1(വായന | ശ്രീ ഹമീദ് സി കെ | **സർക്കാർ പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ,** |

| | | | |
|---|---|---|---|
| | 3) | ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I (കമ്പ്യൂട്ടർ എൻജിനിയറിങ് ), സർക്കാർ പോളിടെക്നിക്ക് കോളേജ് കോഴിക്കോട് | **കാസർഗോഡ് ജില്ല** (തുറന്ന ഒഴിവ്) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥൻറെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

- അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.
- ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപന മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R

DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്/ഉദ്യോഗ്സ്ഥർക്ക് (ഡി.റ്റി.ഇ.ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
2. EB2 സെക്ഷൻ
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

**Signed by Shalij P R**
**Date: 31-08-2024 14:09:05**